# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

തിരുവള്ളൂർ .പി.ഒ,673541.ഫോൺ-0496.2592027

ഇ-മെയിൽ-thiruvallurgp@gmail.com

നമ്പർ. ബി1-8137/21 തിയ്യതി. 29/02/2024

സെക്രട്ടറി
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ബഹു. അനിൽ കുമാർ നൊച്ചിയിൽ
ഇന്റേണൽവിജിലൻസ് ഓഫീസർ3 & കൺവീനർ
(ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി)

സർ,

വിഷയം- തദ്ദേശ സ്വയംഭരണ വകുപ്പ് – സ്ഥിരം അദാലത്ത് – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്
സൂചന – 1. അങ്ങയുടെ 08/02/2024ലെ IVO3/02/2024 നമ്പർ കത്ത്.

മേൽ സൂചന പ്രകാരം 14/02/2024 തിയ്യതിയിൽ നടന്ന സ്ഥിരം അദാലത്തിലെ തീരുമാനപ്രകാരം സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഇതു സഹിതം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

SECRETARY
Thiruvallur Grama Panchayat
P.O Thiruvallur - 673 541
PEN 814212, Mob: 9496 048 145

<u>റിപ്പോർട്ട്</u>

14/02/2024 തിയ്യതിയിലെ ഉപജില്ലാ സ്ഥിരം അദാലത്തിലെ നിർദ്ദേശ പ്രകാരം ശ്രീ. മൊയ്തു എറോളക്കണ്ടിയിൽ, കോട്ടപ്പള്ളി എന്നവർ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ നിലയിൽ നിർമ്മിച്ച മുറികൾക്ക് നമ്പർ ലഭിക്കുന്നില്ല എന്ന് കാണിച്ച് സമർപ്പിച്ച അപേക്ഷയിൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു.

കോട്ടപ്പള്ളി ആയഞ്ചേരി റോഡിനു പ്രസ്തുത റോഡിൽ നിന്നും തിരുവള്ളൂരിലേക്കുള്ള റോഡിനോടും ചേർന്ന് നിലവിലുള്ള 3/645,646,647,648,649,650 നമ്പർ കെട്ടിടത്തിന് മുകളിൽ 446.3 ച.മീ. അധിക നിർമ്മാണം ക്രമവല്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്. കോട്ടപ്പള്ളി ആയഞ്ചേരി റോഡിനോട് ചേർന്ന് കെട്ടിടത്തിന്റെ മുൻഭാഗം റോഡിൽ നിന്നും കെട്ടിടത്തിലേക്കുള്ള അകലം 4.2 മീറ്റർ, 3.7 മീ. എന്നിങ്ങനെയാണ്. സ്ലാബ് പ്രൊജക്ഷൻ 1.40 മീറ്ററുണ്ട്. ചട്ട പ്രകാരം സ്ലാബ് പ്രൊജക്ഷൻ തള്ളലുകൾ 4.2 മീറ്ററുള്ളിടത്ത് 1.20 മീറ്റർ, 3.7 മീറ്ററുള്ളിടത്ത് 70 സെ.മീ. മാത്രമെ അനുവദനീയമായുള്ളു. ആയത് കെ.പി.ബി.ആർ 2019 ചട്ടം 26(4) ന്റെ ലംഘനമാണ്. കെട്ടിടത്തിന്റെ മുൻഭാഗത്ത് പാർക്കിംഗായി കാണിച്ചിരിക്കുന്ന സ്ഥലത്തേക്ക് റോഡിൽ നിന്നും വാഹനങ്ങൾക്ക് കയറുന്നതിന് സംവിധാനം ഒരുക്കിയിട്ടില്ല. ആയത് കെ.പി.ബി.ആർ 2019 ചട്ടം 29(4) tabl e 10 ന്റെ ലംഘനമാണ്. കെട്ടിടത്തിന്റെ പുറക് വശത്ത് സ്ഥിതിചെയ്യുന്ന കിണർ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. ടി കിണറിൽ നിന്നും 2.80 മീറ്റർ ദൂരത്തിൽ ഒരു ടാങ്ക് സ്ലാബിട്ട് മൂടിയതായി കാണുന്നുണ്ട്. ആയത് കെ.പി.ബി.ആർ 2019 ചട്ടം 75(2) ന്റെ ലംഘനമാണ്. നിലവിലുള്ള കെട്ടിടത്തിന് മുകളിൽ രണ്ട് നിലയുള്ള കെട്ടിടം ക്രമവല്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് ഒന്നാംനിലയുടെ നിർമ്മാണം മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. നിലവിലെ ചട്ട ലംഘനങ്ങൾ പരിഹരിച്ച് നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ ക്രമവല്കരിക്കുന്നതിനും നിർമ്മിക്കാനുദ്ദേശിക്കുന്ന ഭാഗങ്ങൾ പ്രൊപ്പോസ്ഡ് പ്ലാനും ആയി പുന:സമർപ്പിക്കുന്നതിന് അപേക്ഷകന് നോട്ടീസ് നല്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പ്ലാൻ പുന:സമർപ്പിക്കുന്ന മുറക്ക് കെട്ടിടം റഗുലറൈസ് ചെയ്ത് നിർമ്മാണം പൂർത്തികരിച്ച കെട്ടിട മുറികൾക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

SECRETARY
THIRUVALLUR GRAMA PANCHAYATH
KOZHIKODE DIST. - 673 541, PH: 0496-2592027

OFFICE OF THE THIRUVALLUR GRAMA PANCHAYAT ★ THIRUVALLUR P.O ★ Pin - 673 541